# ടിസിഎസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂളിന് ഒന്നാം സ്ഥാനം

കൊച്ചി: സ്കൂൾ കുട്ടികൾക്കായി ടിസിഎസ് സംഘടിപ്പിച്ച ഐറ്റിവിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ കാർത്തിക് പ്രകാശ് നായർ, അദ്വൈത് ശങ്കർ ജെ എന്നിവർ വിജയികളായി. ആലപ്പുഴ, കണ്ണൂർ, കോഴിക്കോട്, ഇടുക്കി, കോട്ടയം, മലപ്പുറം, മൂന്നാർ, കൊച്ചി, പത്തനംതിട്ട, തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നിവിടങ്ങളിൽ നിന്നുള്ള 110 ൽപരം സ്കൂളുകളിൽ നിന്നുള്ള 1,200 ൽപരം വിദ്യാർത്ഥികൾ ഗോകുലം കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന മത്സരത്തിൽ പങ്കെടുത്തു. 12 ൽ പരം ഇന്ത്യൻ നഗരങ്ങളിൽ വച്ച് നടത്തപ്പെടുന്ന ഈ ദേശീയ മത്സരത്തിന്റെ കൊച്ചി പതിപ്പിന്റെ 70% ൽപരം രജിസ്ട്രേഷനും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വെബ് സൈറ്റ് മുഖാന്തിരം ലഭിച്ചു എന്നത് സംസ്ഥാനത്തിന്റെ ഐടി സാക്ഷരതയുടെ വിജയമായി വിശേഷിപ്പിക്കപ്പെടുന്നു.

പ്രാഥമിക ഘട്ടത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 6 ടീമുകൾ വാശിയേറിയ മത്സരമാണ് ഫൈനൽ റൗണ്ടിൽ കാഴ്ചവച്ചത്. വിജയികൾക്ക് ട്രോഫിയും ഗ്യാലക്സി ടാബിലറ്റും ഡിജിറ്റൽ ക്യാമറയും ലഭിച്ചപ്പോൾ രണ്ടാമതെത്തിയ ഭവൻസ് ആദർശ വിദ്യാലയ സ്കൂളിലെ അതുൽ ചാക്കോ ഫിലിപ്പ്, രവികൃഷ്ണൻ ആർ എന്നിവർക്ക് ലഭിച്ചത് ട്രോഫികളും ഐപോഡ് ടച്ചുമാണ്. ഫ്ളാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫ് സതേൺ നേവൽ കമാൻഡ്, വൈസ് അഡ്മിറൽ കെഎം സുശീൽ പിവിഎസ്എം, എവിഎസ്എം, എൻഎംഎഡിസി ഉം, ടിസിഎസ് കൊച്ചി മേധാവി സന്തോഷ് കുറുപ്പും ചേർന്ന് സമ്മാനദാനം നിർവ്വഹിച്ചു.

ഫൈനൽ റൗണ്ടിലെ എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റിന് പുറമെ ടിസിഎസിന്റെ ട്രാവൽ ബാഗും, ഹെഡ് ഫോണും, പോർട്ടബിൾ സ്പീക്കറും, യുഎസ്ബി പെൻഡ്രൈവും, ലേസർ പോയിന്റുകളും ലഭിക്കുകയുണ്ടായി. ഓഡിയൻസ് റൗണ്ടിലെ വിജയികൾക്ക് സമ്മാനമായി ലഭിച്ചത് ടിസിഎസ് ബാക്പാക്കും, പോർട്ടബിൾ സ്പീക്കറും, ഡിന്നർ വൗച്ചറുമാണ്.

ടിസിഎസ്, ഐടിവിഎസ് 2011 പ്രാദേശിക തല മത്സരങ്ങൾ ഹൈദരാബാദ്, അഹമ്മദാബാദ്, ബാംഗ്ലൂർ, ചെന്നൈ, കോയമ്പത്തൂർ, പൂനെ, കൊൽക്കത്ത, ഭുവനേശ്വർ, കൊച്ചി, ലക്നൗ, ഡൽഹി, മുംബൈ എന്നിങ്ങനെ 12 നഗരങ്ങളിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. ദേശീയ തല ഫൈനലിൽ പ്രാദേശിക തല വിജയികൾ, ടിസിഎസ് ഐടിവിസ് നാഷണൽ ചാമ്പ്യൻ പട്ടത്തിനായി പൊരുതും. വിജയികൾക്ക് ടിസിഎസ്സിഇഒ എൻ ചന്ദ്രശേഖരന്റെ കൂടെ ഒരു അത്താഴ വിരുന്നിൽ പങ്കെടുക്കാനുള്ള സുവർണ്ണ അവസരവുമുണ്ട്. 8 മുതൽ 12 വരെയുള്ള ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഈ മത്സരത്തിൽ പ്രവേശനം സൗജന്യമായിരുന്നു. ടീം അധിഷ്ഠിത മത്സരത്തിൽ ഒരു സ്കൂളിൽ നിന്നും ഒന്നിൽ കൂടുതൽ ടീമുകൾക്ക് പ്രവേശന അനുമതി ഉണ്ടായിരുന്നു.